# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 159 — 03.10.2016 ൽ - മറുപടിക്ക്

## ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജി.എസ്. ജയലാൽ<br>,, സി. ദിവാകരൻ<br>ശ്രീമതി ഗീതാ ഗോപി<br>,, സി.കെ. ആശ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം എന്നു മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത് ; | (എ) 05.10.2016 മുതൽ മുൻഗണനാ ലിസ്റ്റ് കരട് പട്ടിക പ്രസിദ്ധീകരിച്ചുകൊണ്ട് ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കി തുടങ്ങുന്നതാണ്. |
| (ബി) പ്രസ്തുത നിയമം നടപ്പാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് ഭരണ തലത്തിൽ സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ ; | (ബി) 5-7-2013 മുതൽ പ്രാബല്യം നൽകിക്കൊണ്ട് 10-07-2013 ലെ 29-ാം നമ്പർ ഗവൺമെന്റ് ഓഫ് ഇൻഡ്യ അസാധാരണ ഗസറ്റിലൂടെ വിജ്ഞാപനം ചെയ്യപ്പെട്ട ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം, 2013 കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് 2-12-2013 ലെ സ.ഉ.(കൈ) നം.53/2013/ഭ.സി.സ.വ. പ്രകാരം തീരുമാനിച്ചിരുന്നു. എന്നാൽ നിയമം അനുശാസിക്കുന്ന വിധത്തിലുള്ള താഴെപറയുന്ന അടിസ്ഥാന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് സമയബന്ധിതമായി പൂർത്തിയാക്കി നിയമം പ്രവൃത്തി പഥത്തിൽ കൊണ്ടുവന്നിരുന്നില്ല.<br>i) അർഹരായ മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ **(identification of priority households)**,<br>ii) വാതിൽപ്പടി ഭക്ഷ്യധാന്യ വിതരണം **(door steps delivery)**<br>iii) റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കൽ **(online allocation)**<br>iv) പരാതി പരിഹാര സംവിധാനം **(Grievance Redressal Mechanism)**<br><br>ദേശീയ ഭക്ഷ്യ സുരക്ഷാ നിയമം മുകളിൽ വിഭാവനം ചെയ്യുന്ന പ്രകാരം നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ത്വരിതഗതിയിൽ നടന്നു വരുന്നത്. |

| | | | |
|---|---|---|---|
| (സി) | മുൻഗണനാ വിഭാഗത്തെ കണ്ടെത്തു ന്നതിന് താലൂക്ക് തല റാങ്കിംഗിന് പകരം സംസ്ഥാനതല റാങ്കിംഗ് ഏർപ്പെടുത്തുമ്പോൾ എന്തൊക്കെ മാറ്റങ്ങളാണ് വരുന്നതെന്ന് വിശദമാക്കുമോ ; | (സി) | നഗരപ്രദേശങ്ങളിൽ ജനസംഖ്യയുടെ 39.50%- വും ഗ്രാമപ്രദേശങ്ങളിൽ 52.63% -വും ജനങ്ങളാണ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ട് വരുന്നത്. ഇപ്രകാരം മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുന്ന ആളുകളുടെ എണ്ണം 1,54,80,040 ആണ്. മുൻഗണനാ വിഭാഗക്കാരെ കണ്ടെത്തുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ താലൂക്ക്തല റാങ്കിംഗ് നടത്തിയിരുന്നുവെങ്കിലും അതിൽ അനർഹർ ധാരാളമായി കടന്നു കൂടുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാലാണ് സംസ്ഥാനതല റാങ്കിംഗ് നടത്തുവാൻ തീരുമാനമായിട്ടുള്ളത്. സംസ്ഥാനതല റാങ്കിംഗ് നടത്തുമ്പോൾ സംസ്ഥാനത്ത് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുവാൻ അർഹതയുള്ള മുഴുവൻ ആളുകളും മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട് വരുന്നതാണ്. |
| (ഡി) | നിയമം നടപ്പിൽ വരുമ്പോൾ ഒരു റേഷൻ കാർഡുടമയ്ക്ക് മുൻപുണ്ടായിരുന്നതിൽ നിന്നും വ്യത്യസ്ഥമായി ഏതൊക്കെ ആനുകൂല്യങ്ങൾ ലഭ്യമാകുമെന്ന് വ്യക്തമാക്കുമോ ? | (ഡി) | 2013 ലെ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം നിലവിൽ വരുമ്പോൾ മുൻഗണനാ വിഭാഗത്തിൽപ്പെട്ട ഓരോ വ്യക്തിക്കും അഞ്ച് കിലോഗ്രാം ഭക്ഷ്യധാന്യം വീതം ലഭിക്കും. എ.എ.വൈ കാർഡുടമകൾക്ക് 35 കി.ഗ്രാം ഭക്ഷ്യധാന്യം തന്നെ തുടർന്നും ലഭിക്കുന്നതാണ്. 3/- രൂപ നിരക്കിൽ അരി, 2/- രൂപ നിരക്കിൽ ഗോതമ്പ്, 1/- രൂപ നിരക്കിൽ പയറുവർഗ്ഗങ്ങൾ എന്നിവ കേന്ദ്രം ഉറപ്പുവരുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ